➪ ആദ്യ ഗ്രാമസഭയിൽ 200 പേർ പങ്കെടുത്തു ➪

പശ്ചിമഘട്ട സംരക്ഷണം:
സംവാദം തുടരുന്നു...

# ഗാഡ്ഗിൽ റിപ്പോർട്ടിന് ഞങ്ങൾ അനുകൂലമായിരുന്നു

ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ വ്യാപകമായ എതിർപ്പുകൾ ഉയർന്നുവന്ന സമയത്താണ് റിപ്പോർട്ടിനെക്കുറിച്ച് ഗ്രാമസഭകളിൽ ചർച്ചചെയ്യുകയും പ്രമേയം പഞ്ചായത്ത് ഭരണസമിതിൽ അവതരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ട് വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് കേരളത്തിന് മാതൃകയായത്. മലയോര ഗ്രാമങ്ങൾ ഒന്നടങ്കം ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ കലാപത്തിനിറങ്ങിയ നാളുകളിൽ ഈ വിഷയം ഗ്രാമസഭയിൽ ചർച്ച ചെയ്യാൻ തയ്യാറായ കേരളത്തിലെ ഏക പഞ്ചായത്താണ് പടിഞ്ഞാറത്തറ. രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലനെ തുടർന്ന് പ്രമേയം പാസാക്കാൻ കഴിയാതെ പോയ അനുഭവങ്ങൾ വിവരിക്കുന്നു പഞ്ചായത്ത് അംഗം

**ഹുസൈൻ**

തയ്യാറാക്കിയത്:
കെ. സന്ദീപ്

**പരിസ്ഥിതി** സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പഞ്ചായത്ത് ഭരണസമിതിയുടെ അഭിപ്രായം അറിയിക്കാൻ ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്തിൽ (ഡി.ഡി.പി) നിന്ന് വന്ന നിർദ്ദേശ പ്രകാരമാണ് ഗാഡ്ഗിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങളുൾപ്പെടെയുള്ള വിഷയങ്ങൾ ഞങ്ങൾ ഗ്രാമസഭകളിൽ ചർച്ച ചെയ്തത്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം, മരം മുറിക്കൽ, കാർഷികരംഗം എന്നീ മേഖലകളുമായി ബന്ധപ്പെട്ട അഭിപ്രായങ്ങളാണ് പ്രധാനമായും ആരാഞ്ഞത്. സാധാരണ ഇത്തരം വിഷയങ്ങളിൽ കാര്യമായ ചർച്ചകളൊും നടക്കാറില്ല. എന്നാൽ ഇതിൽ ചില ഗൗരവതരമായ കാര്യങ്ങൾ ഉണ്ടെന്ന് തോന്നിയതിന്റെ അടിസ്ഥാനത്തിലാണ് ഭരണ സമിതിക്ക് പുറത്ത് ഈ വിഷയങ്ങൾ സംസാരിക്കാൻ ആലോചിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് കെ.ബി. നസീമയുമായി ഇക്കാര്യം സംസാരിച്ചു. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തിക്കൊണ്ട് ജനങ്ങളിൽ നിന്ന് ഇക്കാര്യത്തിൽ അഭിപ്രായങ്ങൾ കേൾക്കാനാണ് ശ്രമിച്ചത്. ഇതിനായി 25 പേരെ വിളിച്ച് വിഷയം ചർച്ച ചെയ്തു. ഗ്രാമസഭയിൽ ചർച്ച ചെയ്യണമെന്ന് അഭിപ്രായമുയർന്നു. അതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി സംരക്ഷണ ഗ്രാമസഭ എന്ന പേരിൽ ഗ്രാമസഭ വിളിച്ചു ചേർത്തു. ആദ്യ ഗ്രാമസഭയിൽ 200 പേർ പങ്കെടുത്തു. പ്ലാസ്റ്റിക്കിന്റെ ഉൽപ്പാദനം തന്നെ നിർത്തണമൊണ് ഗ്രാമസഭയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടത്. അവതരിപ്പിച്ച 26 വിഷയങ്ങളിൽ 23 എണ്ണത്തിലും അനുകൂലമായ തീരുമാനങ്ങളാണ് ജനങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടായത്.

വനമേഖലകളിലെ റോഡ് വീതി കൂട്ടുന്നത് തടയൽ, പുതിയ റോഡ് നിർമ്മാണം നിർത്തിവെക്കൽ, വനത്തിലൂടെയുള്ള രാത്രിയാത്ര നിരോധനം എന്നീ വിഷയങ്ങളിലാണ് പ്രതികൂലമായ അഭിപ്രായങ്ങൾ ഉയർന്നു വന്നത്. എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷനിൽ നിന്നുള്ള ശാസ്ത്രജ്ഞരും ചർച്ചകളിൽ പങ്കെടുത്തിരുന്നു. പഞ്ചായത്തിൽ നടത്തിയ മുഴുവൻ ഗ്രാമസഭകളിൽ നിന്നും ലഭിച്ച അനുകൂലമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിൽ പ്രമേയം അവതരിപ്പിക്കാൻ തീരുമാനിച്ചത്. എന്നാൽ രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലിനെത്തുടർന്ന് പ്രമേയമായി അവതരിപ്പിക്കാൻ സാധിച്ചില്ല. പ്രമേയമാക്കി അവതരിപ്പിക്കാൻ പാടില്ല എന്ന് പഞ്ചായത്ത് ഭരിക്കുന്ന പാർട്ടിയുടെ ഉന്നതതലത്തിൽ തീരുമാനമുണ്ടായി. അ

*⇨ ഈ പ്രദേശത്തേക്കുള്ള ജലത്തിന്റെ അടിസ്ഥാനം ബാണാസുര മലയാണ് ⇨*

വതരിപ്പിച്ചാൽ പാസാവുമെന്ന് ഉറപ്പാണ്.

ഗാഡ്ഗിൽ വിഷയവുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി കലക്ടറേറ്റിൽ തെളിവെടുപ്പിന് വന്ന സമയത്ത് ഞാനും പങ്കെടുത്തിരുന്നു. നാലു വർഷം മുമ്പ് രൂപീകരിക്കപ്പെട്ട ബാണാസുര പ്രകൃതി സംരക്ഷണ സമിതിയുടെ പ്രവർത്തകൻ എന്ന നിലയിൽക്കൂടിയാണ് അവിടെ പോയത്. ഗാഡിഗിൽ റിപ്പോർട്ടിൽ പറയുന്ന പരിസ്ഥിതി ലോല പ്രദേശമായി പടിഞ്ഞാറത്തറ വില്ലേജിനെ ഉൾപ്പെടുത്തണമെന്ന ആവശ്യമാണ് അന്ന് യോഗത്തിൽ ഉന്നയിച്ചത്. എന്നാൽ ഇതിനെതിരെ എതിർപ്പുകൾ ഉയർന്നു വന്നു. എന്നെ സംസാരിക്കാൻ അനുവദിക്കാതിരിക്കുകയും കൈയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു.

ഏറെ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശമാണ് പടിഞ്ഞാറത്തറ. ഈ പ്രദേശത്തേക്കുള്ള ജലത്തിന്റെ അടിസ്ഥാനം ബാണാസുര മലയാണ്. എന്നാൽ ബാണാസുര മലയുടെ താഴ്‌വാരങ്ങളിൽ അനധികൃത ക്വാറികൾ ഇന്ന് വ്യാപകമാണ്. വാരംമ്പാറ- പുതുശേരി പുഴയെ ദിശമാറ്റി ഒഴുക്കിയാണ് ബാണാസുര ഡാം പ്രവർത്തിക്കുന്നത്. പുഴയെ ദിശമാറ്റി ഒഴുക്കുന്നത് പ്രകൃതി അനുകൂലമായ രീതിയല്ല. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലായാൽ ഡാം ഡികമ്മീഷൻ ചെയ്യേണ്ടി വരും. പത്ത് വർഷമായി ഡാം പ്രവർത്തിക്കുന്നുണ്ട്. ജലനയത്തിന് എതിരായാണ് ഡാം പ്രവർത്തിക്കുന്നത്. ഇതൊക്കെയാണ് പരിസ്ഥിതി ലോല പ്രദേശമായി പടിഞ്ഞാറത്തറയെ ഉൾപ്പെടുത്തുന്നതിൽ എതിർപ്പുണ്ടാകാനുള്ള കാരണം.

അത്താണി പ്രദേശത്ത് പ്രവർത്തിക്കുന്ന ക്വാറിയുടെ അവശിഷ്ടങ്ങൾ അവിടെയുള്ള ജലസ്രോതസുകളെ മലിനമാക്കിയിട്ടുണ്ട്. രാഷ്ട്രീയ പാർടി ബന്ധമുള്ളവരാണ് ക്വാറി ഉടമകൾ. 13 വർഷമായി പ്രവർത്തിച്ച ക്വാറി പിന്നീട് അടച്ചുപൂട്ടി. പൂട്ടണമെന്ന പ്രമേയം പഞ്ചായത്തിൽ പരാജയപ്പെട്ടിരുന്നു. പുഴയിൽ നിന്നുള്ള അനധികൃത മണൽ വാരലാണ് പഞ്ചായത്ത് നേരിടുന്ന മറ്റൊരു പരിസ്ഥിതിക പ്രശ്നം. ഗാഡിഗിൽ റിപ്പോർട്ടിനെ സംബന്ധിച്ച് പഞ്ചായത്തിലെ ജനങ്ങൾക്ക് ഇപ്പോഴും അനുകൂലമായ അഭിപ്രായമാണ് ഉള്ളത്.

## ഗ്രാമസഭകളിലെ ചർച്ചയ്ക്ക് ശേഷം പഞ്ചായത്ത് യോഗത്തിൽ അവതരിപ്പിച്ച പ്രമേയം

നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ എല്ലാ വാർഡുകളിലും പരിസ്ഥിതി സംരക്ഷണ ഗ്രാമസഭകൾ നടത്തിയല്ലോ. കേരളത്തിൽ ആദ്യമായി പ്രകൃതിയെ സംരക്ഷിക്കുന്നതിന് വേണ്ടി മാത്രമായി ഗ്രാമസഭകൾ വിളിച്ചുചേർത്ത ആദ്യത്തെ പഞ്ചായത്ത് എന്ന നിലയിൽ നമുക്ക് അഭിമാനിക്കാം. നമ്മുടെ രാജ്യത്ത് ഏറ്റവും നല്ല കാലാവസ്ഥയുള്ളത് എന്നു വിശേഷിപ്പിക്കപ്പെടുന്ന വയനാട്ടിൽ പോലും കാലാവസ്ഥയ്ക്ക് പ്രത്യക്ഷമായ മാറ്റങ്ങൾ വന്നിരിക്കുന്നു. കേരളത്തിലെ ചിറാപൂഞ്ചി എന്നറിയപ്പെട്ടിരുന്ന വയനാടിന്റെ നനുത്ത തണുപ്പും മൂടൽമഞ്ഞും നമുക്ക് നഷ്ടമാകുന്നു. തെറ്റായ കൃഷിരീതികൾ നമ്മുടെ കൃഷിയെ പരാജയത്തിലേക്ക് തള്ളിവിടുന്നു. ഈ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും വേണ്ടിയാണല്ലോ നാം ഗ്രാമസഭകൾ വിളിച്ച് ചേർത്തത്. വയനാട് ഉൾപ്പെടുന്ന പശ്ചിമഘട്ട മലനിരകൾ സംരക്ഷിക്കുന്നതിന് ചുമതലപ്പെടുത്തിയ മാധവ് ഗാഡ്ഗിൽ അധ്യക്ഷനായ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്തു. ഇതിന് വേണ്ടി എം.എസ്. സ്വാമിനാഥൻ റിസർച്ച് സെന്ററിൽ നിന്ന് പരിചയ സമ്പന്നരായ ശാസ്ത്രജ്ഞരെ യോഗങ്ങളിൽ പങ്കെടുപ്പിച്ചു. ശ്രീമതി സുമ വിഷ്ണുദാസ്, എൻ.കെ. റഷീദ് എന്നിവർ ഗ്രാമസഭകളിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വിശദീകരിച്ചു. വയനാട് ഉൾപ്പെടെയുള്ള പശ്ചിമഘട്ട മലനിരകളിൽ ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉപയോഗിക്കാതിരിക്കുക, വ്യാപാര സ്ഥാപനങ്ങളിലും മറ്റുമുള്ള പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം നിർത്തലാക്കുക, വിവേചനരഹിതമായ മരംമുറി കർശനമായി നിയന്ത്രിക്കുക, പ്രത്യേക സാമ്പത്തിക മേഖലയും ഹിൽസ്റ്റേഷനുകളും പശ്ചിമഘട്ടത്തിൽ ഒഴിവാക്കുക, വനഭൂമി കൃഷിഭൂമിയാക്കുന്നത് തടയുക എന്നീ നിർദ്ദേശങ്ങൾ ഗ്രാമസഭ അംഗീകരിച്ചു. തുറസ്സായ പൊതുസ്ഥലങ്ങളിൽ പ്രകൃതിക്ക് അനുകൂലമായ രീതിയിൽ വനവൽക്കരണം നടത്തുക, വയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് നിയന്ത്രിക്കുക, പ്രകൃതിയിലെ മരങ്ങളും മേൽമണ്ണും സംരക്ഷിക്കുക, മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കുക, ജലം-മണ്ണ്-വായു എന്നിവ മലിനമാകുന്ന വ്യവസായങ്ങൾ അനുവദിക്കാതിരിക്കുക, നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമായിരിക്കുക, പുഴകളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുക എന്നീ നിർദ്ദേശങ്ങളും നടപ്പിൽ വരുത്തേണ്ടതും പ്രകൃതിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്നും ഗ്രാമസഭകൾ വിലയിരുത്തി. പശ്ചിമഘട്ട മേഖലയിൽ ജൈവകൃഷി പ്രോത്സാ

⇨

ഹിപ്പിക്കുക, രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം ക്രമേണ നിർത്തലാക്കുക, മുപ്പത് ശതമാനത്തിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങളിൽ ദീർഘകാല വിളകൾ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക ജൈവവൈവിധ്യം നിലനിർത്തുക, തദ്ദേശീയ ജനുസ്സുകളായ കന്നുകാലികളെ വളർത്താൻ പ്രോത്സാഹിപ്പിക്കുക, രാസവളങ്ങൾക്കുള്ള സബ്സിഡി ജൈവകൃഷിക്കായി മാറ്റുക എന്നീ നിർദ്ദേശങ്ങളും നടപ്പിൽ വരുത്തേണ്ടതാണെന്ന് യോഗങ്ങൾ അഭിപ്രായപ്പെട്ടു. ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുന്ന കർഷകർക്ക് പ്രത്യേകം ആനുകൂല്യം നൽകണമെന്ന നിർദ്ദേശത്തെ ഗ്രാമസഭകൾ സ്വാഗതം ചെയ്തു.

നിലവിലെ റിസർവ്വ് വനങ്ങളിലെ ഏകവിളത്തോട്ടങ്ങളായ തേക്ക്, യൂക്കാലി എന്നിവ വെട്ടിമാറ്റി സ്വാഭാവിക വനം വച്ചുപിടിപ്പിക്കുക, വനങ്ങളിൽ കള-കീടനാശിനികൾ തളിക്കുന്നത് തടയുക, വൻകിട ജലവൈദ്യുത പദ്ധതികൾ ഒഴിവാക്കുക, ക്വാറികൾക്കും മണലെടുക്കുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തുക, ഫാക്ടറികളിലും മറ്റുമുള്ള വാണിജ്യാടിസ്ഥാനത്തിലുള്ള വിറകുപയോഗം തടയുക, പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യങ്ങൾ തള്ളുന്നതും ഒഴുക്കുന്നതും കർശനമായി തടയുക എന്നീ നിർദ്ദേശങ്ങളും ഗ്രാമസഭകൾ അംഗീകരിച്ചു. എന്നാൽ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി സംവേദക മേഖലകളിൽ രാത്രി ഗതാഗതം നിയന്ത്രിക്കുക, റോഡുകൾ വീതികൂട്ടുന്നതും പുതിയ റോഡുകൾ നിർമ്മിക്കുന്നതും നിയന്ത്രിക്കുക എന്നീ നിർദ്ദേശങ്ങളോട് ഗ്രാമസഭകൾ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

ഗാഡ്ഗിൽ റിപ്പോർട്ടിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും പരിസ്ഥിതി സംരക്ഷണത്തിന് അത്യന്താപേക്ഷിതമാണെന്ന് ഗ്രാമസഭകൾ വിലയിരുത്തി. ഗ്രാമസഭകളിൽ പഞ്ചായത്ത് പ്രസിഡന്റ് കെ.ബി. നസീമ അദ്ധ്യക്ഷയായിരുന്നു. ആയതിനാൻ ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി തീരുമാനമായി അംഗീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ അപേക്ഷിക്കുന്നു. പരിസ്ഥിതിയുടെയും അതിലൂടെ വരും തലമുറയുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമായതിനാൽ ഈ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാറിന് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു. മുഴുവൻ പഞ്ചായത്തംഗങ്ങളുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.

**അവതാരകൻ: ഹുസൈൻ, ഗ്രാമപഞ്ചായത്ത് അംഗം**
**അനുമോദകൻ: ഷംസുദ്ദീൻ, ഗ്രാമപഞ്ചായത്ത് അംഗം**

## പരിസ്ഥിതി സംരക്ഷണ ഗ്രാമസഭകളിൽ വിളിച്ചുചേർക്കുന്നതിനായി പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് വിതരണം ചെയ്ത നോട്ടീസ്

**കേരളത്തിൽ** ഏറ്റവും കൂടുതൽ മഴ ലഭിച്ചുകൊണ്ടിരിക്കുന്ന ജില്ലയായിരുന്നു വയനാട്. മറ്റു പ്രദേശങ്ങളിൽ നിന്നും നമ്മുടെ ജില്ലയെ വ്യത്യസ്തമാക്കുന്നത് ജലസുഭിക്ഷതയും ഹരിതഭംഗിയുമായിരുന്നു. എന്നാൽ ഇന്ന് മറ്റ് പ്രദേശങ്ങളെപ്പോലെ തന്നെ ചൂടിന്റെ കാഠിന്യം കൂടി വരുന്നു. ആറുമാസം കിനിഞ്ഞു പെയ്യുന്ന മഴയുണ്ടായിരുന്ന വയനാട്ടിൽ പോലും മഴ കുറഞ്ഞു. കിണറുകളും കൈത്തോടുകളും പുഴകളും വറ്റി വരണ്ടു. കുടിക്കാൻ വെള്ളത്തിന് വേണ്ടി പൈപ്പുകളെയോ ടാങ്കർ ലോറികളെയോ ആശ്രയിക്കേണ്ടിവന്നിരിക്കുന്നു. കഴിഞ്ഞ ഏതാനും വർഷം മുമ്പുവരെ കുറേശ്ശെയെങ്കിലും ഒഴുകിയിരുന്ന പുഴകൾ തീർത്തും വറ്റയിരിക്കുന്നു. ജലക്ഷാമം നിമിത്തം കിണറുകളുടെ ആഴം കൂട്ടുന്നതിന് നൂറിലധികം നിർദ്ദേശങ്ങളാണ് പടിഞ്ഞറെത്തറ ഗ്രാമപഞ്ചായത്തിന് ഈ വർഷം ലഭിച്ചത്. കൃഷിയും പരാജയത്തിന്റെ വക്കിലെത്തി നിൽക്കുന്നു. പ്രകൃതിയോടും കാലാവസ്ഥയോടും ഇണങ്ങാത്ത കൃഷിരീതികൾ, അമിതമായ രാസ-കീടനാശിനി പ്രയോഗം കാരണം മണ്ണിന്റെ സ്വാഭാവികത നഷ്ടപ്പെട്ടിരിക്കുന്നു. പ്രകൃതിയോട് മത്സരിച്ച് നമുക്ക് ജീവിക്കാനാവില്ല. കാർഷിക മേഖലയിലും നമുക്ക് പ്രകൃതിയോട് ഇണങ്ങാൻ കഴിയണം. ലാഭം മാത്രം ലക്ഷ്യമാക്കി പുതിയ വിത്തുകളും വളങ്ങളും കൃഷികളും നാം ഏറ്റെടുത്തപ്പോൾ നമുക്ക് നഷ്ടമായത് തനതായ നമ്മുടെ വിത്തുകളും കൃഷിരീതികളുമാണ്.

വയനാട്ടിൽ ആരംഭിച്ച രണ്ട് വൻകിട ജലവൈദ്യുത പദ്ധതികൾ കൊണ്ട് വയനാടിന് എന്ത് നേട്ടമുണ്ടായി? കൃഷിക്ക് നൽകാമെന്നേറ്റിരുന്ന വെള്ളം നമുക്ക് കിട്ടുന്നില്ല. നാട്ടിലൂടെ കുറേ കോൺക്രീറ്റ് കനാലുകളും അതിനുവേണ്ടി ചിലവഴിച്ച കോടികളും നഷ്ടമെന്ന് നാമറിയണം. പടിഞ്ഞാറെത്തറ പഞ്ചായത്തിലെ വാരാമ്പറ്റ-പുതുശ്ശേരി പുഴയുടെ സ്വാഭാവിക ഒഴുക്ക് ഇതുമൂലം നിലച്ചിരിക്കുന്നു. ഈ പുഴയുടെ സജീവത നിലനിർത്താൻ ശക്തമായ ജനകീയ ഇടപെടൽ ആവശ്യമായി വന്നിരിക്കുന്നു. കിണറുകളിലെയും ജലാശയങ്ങളിലെയും ജലനിരപ്പ് താഴുന്നത് തണ്ണീർത്തടങ്ങൾ മൂടുന്നതുകൊണ്ടും വയലുകൾ നികത്തുന്നതുകൊണ്ടുമാണെന്ന് നാം മനസ്സിലാക്കണം.

എന്നാൽ വയനാടും കേരളവും ഉൾപ്പെടുന്ന പ്രദേശമായ പശ്ചിമഘട്ട മലനിരകൾ ഇന്നും പ്രതീക്ഷയ്ക്ക് വക നൽകുന്നു. ഇതുംകൂടെ പൂർണ്ണ നാശത്തിലേക്കെത്തുന്നത് തടയാൻ കേന്ദ്ര സർക്കാറിന്റെ നിർദ്ദേശപ്രകാരം പ്രൊഫ. മാധവ് ഗാഡ്ഗിൽ തയ്യാറാക്കിയ പശ്ചിമഘട്ട സംരക്ഷണ റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന് വേണ്ടിയാണ് പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് ഈ ഗ്രാമസഭകൾ വിളിച്ചുചേർത്തിരിക്കുന്നത്. ഒരു തുറന്ന ചർച്ചയ്ക്ക് മുഴുവൻ ഗ്രാമസഭാംഗങ്ങളെയും സ്വാഗതം ചെയ്യുന്നു. നമ്മുടെ ഗ്രാമത്തെയും നാടിനെയും ബാധിച്ചിരിക്കുന്ന രൂക്ഷമായ പ്രകൃതിനാശത്തെക്കുറിച്ച് ഇതിന്റെ പ്രതിവിധികളെക്കുറിച്ച് ഒരു തുറന്ന ചർച്ച.